# കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(1956 -ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)

CIN:U40100KL2011SGC027424

രജിസ്റ്റേർഡ് ഓഫീസ് : വൈദ്യുതി ഭവനം, പട്ടം ,
തിരുവനന്തപുരം -695004 , കേരളം.

ഫോൺ : +91471 2514472 2514527 2514455 2514608
വെബ് : www.kseb.in ഇ-മെയിൽ poksebgmail.com


## സംഗ്രഹം

ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടെ വൈദ്യുതി അപകടത്തിനിരയായി 83% പ്രാപ്തിക്കുറവ് സംഭവിച്ച അരൂർ ഇലക്ട്രിക്കൽ സെക്ഷനിലെ ലൈൻമാൻ ഗ്രേഡ് - 1 ആയ ശ്രീ. ജയകുമാർ. M.C (Employee Code : 1059394) യ്ക്ക് ഭിന്നശേഷിക്കാരായ വ്യക്തികളുടെ അവകാശങ്ങൾ ആക്ട് 2016 നിഷ്കർഷിക്കുന്ന സംരക്ഷണം ലഭ്യമാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## കോർപ്പറേറ്റ് ഓഫീസ് (പേഴ്സണൽ)

ബോ : ഉ (എഫ്.റ്റി.ഡി) നം. 530 /2021 (പി.എസ്.1/2942/2019) തീയതി, തിരുവനന്തപുരം 08/07/2021

---

സൂചന:- 1) ശ്രീ. ജയകുമാർ. M.C ചീഫ് എഞ്ചിനീയർ (HRM) ന് സമർപ്പിച്ച സങ്കട ഹർജി.

2) ആലപ്പുഴ. T.D, മെഡിക്കൽ കോളേജ് മെഡിക്കൽ ബോർഡിന്റെ 16.12.2020 തീയതിയിലെ സ്റ്റാന്റിംഗ് ഡിസെബിലിറ്റി സർട്ടിഫിക്കറ്റ്

3) നമ്പർ ഇ.ബി 4 (a)/LM/2839/2021/27 dated 26.02.2021 / 1 തീയതി 01.03.2021 പ്രകാരമുള്ള ചീഫ് എഞ്ചിനീയർ (എച്ച്.ആർ.എം) ന്റെ കുറിപ്പ്.

4) നമ്പർ. പി.എസ്.1/2942/2019 തീയതി 29.06.2021 പ്രകാരം ചീഫ് പേഴ്സണൽ ഓഫീസർ കെ.എസ്.ഇ.ബി. ലിമിറ്റഡ് മുഴുവൻ സമയ ഡയറക്ടർമാർ മുൻപാകെ സമർപ്പിച്ച കുറിപ്പ്. (അജണ്ട 1/7/21).

## ഉത്തരവ്

2019 ഡിസംബർ മാസം 10 -)൦ തീയതി ചേർത്തല ഇലക്ട്രിക്കൽ ഡിവിഷനു കീഴിലെ അരൂർ ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ വൈദ്യുതി ലൈനിൽ ജോലിചെയ്യുന്നതിനിടെ ടി സെക്ഷനിലെ ലൈൻമാൻ ഗ്രേഡ് - 1 ആയിരുന്ന ശ്രീമാൻ ജയകുമാർ. M.C യ്ക്ക് വൈദ്യുതി പോസ്റ്റിൽ നിന്ന് താഴെ വീണ് ഗുരുതരമായി പരിക്കേൽക്കുകയുണ്ടായി. തലയ്ക്കേറ്റ ക്ഷതം മൂലം ചലനശേഷി നഷ്ടപ്പെട്ട് കിടപ്പിലായ അദ്ദേഹം ഇപ്പോഴും സ്വവസതിയിൽ ചികിത്സയിലാണെന്നും നിലവിൽ പരസഹായം കൂടാതെ ദൈനംദിന കർമങ്ങൾ നിർവഹിക്കുന്നതിനുപോലും സാധ്യമല്ലാത്ത അവസ്ഥയിലാണെന്നും അതിനാൽതന്നെ അദ്ദേഹത്തിൽ നിക്ഷിപ്തമായ ഔദ്യോഗിക ചുമതലകൾ നിർവ്വഹിക്കാൻ അദ്ദേഹത്തിന് കഴിയില്ല എന്നും ചേർത്തല ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായി സൂചന 3 പ്രകാരം ചീഫ് എഞ്ചിനീയർ (HRM) വ്യക്തമാക്കിയിട്ടുണ്ട്.

ജോലിയിലിരിക്കെ ഏതെങ്കിലും തരത്തിൽ വൈകല്യം സംഭവിക്കുന്ന ജീവനക്കാർക്കായുള്ള 2016 ലെ ഭിന്നശേഷിക്കാരായ വ്യക്തികളുടെ അവകാശങ്ങൾ ആക്ടും ചട്ടങ്ങളും അനുശാസിക്കുന്ന തൊഴിൽ സംരക്ഷണം ആവശ്യപ്പെട്ട് ശ്രീ. ജയകുമാർ. M.C സൂചന 1 പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. സൂചന 2 പ്രകാരം

ഭിന്നശേഷിക്കാരായ വ്യക്തികളുടെ അവകാശങ്ങൾ ആക്ട് 2016 സെക്ഷൻ 20 അനുച്ഛേദം 4 പ്രകാരം ഒരു ജീവനക്കാരന് വൈകല്യം സംഭവിച്ചശേഷം അയാൾ നേരത്തേ നിർവഹിച്ചുപോന്നിരുന്ന തസ്തികയിലെ ചുമതലകൾ നിർവഹിക്കാൻ കഴിയാത്ത സാഹചര്യത്തിൽ അതേ ശമ്പള സ്കെയിലും ആനുകൂല്യങ്ങളുമുള്ള മറ്റൊരു തസ്തികയിലേയ്ക്ക് ആ ജീവനക്കാരനെ മാറ്റി നിയമിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു.

കൂടാതെ ഏതെങ്കിലും തസ്തികയിൽ ആ ജീവനക്കാരനെ ഉൾക്കൊള്ളിക്കുന്നതിന് സാധ്യമല്ലാത്ത സാഹചര്യത്തിൽ അനുയോജ്യമായ തസ്തിക ലഭ്യമാകുന്നതുവരെയോ സൂപ്പർആനുവേഷൻ പ്രായം എത്തുന്നതു വരെയോ ഇവയിൽ ഏതാണോ ആദ്യം വരുന്നത് അതുവരെ ഒരു സംഖ്യാതീത തസ്തിക സൃഷ്ടിച്ച് ടിയാളെ അതിൽ നിലനിർത്തേണ്ടതാണെന്നും ടി ആക്ടിൽ വ്യവസ്ഥ ചെയ്യുന്നു.

മേൽ വിഷയം സൂചന 4 പ്രകാരം മുഴുവൻ സമയ ഡയറക്ടർമാരുടെ പരിഗണനയ്ക്കായി സമർപ്പിക്കുകയുണ്ടായി. 02.07.2021 ന് ചേർന്ന മുഴുവൻ സമയ ഡയറക്ടർമാരുടെ യോഗം വിഷയം വിശദമായി പരിശോധിക്കുകയും അത്രൂർ ഇലക്ട്രിക്കൽ സെക്ഷനിലെ ലൈൻമാൻ ഗ്രേഡ് - 1 ആയ ശ്രീ. ജയകുമാർ. M.C (1059394) യെ 2016 ലെ ഭിന്നശേഷിക്കാരായ വ്യക്തികളുടെ അവകാശങ്ങൾ ആക്ട് സെക്ഷൻ 20 അനുച്ഛേദം 4 അനുസരിച്ച് അതേ സെക്ഷൻ ഓഫീസിൽ ലൈൻമാൻ ഗ്രേഡ് - 1 ന്റെ ഒരു സംഖ്യാതീത തസ്തിക സൃഷ്ടിച്ച് ആ തസ്തികയിൽ നിയമിക്കുന്നതിനായി തീരുമാനിക്കുകയും ചെയ്തു.

ഇതനുസരിച്ച് ഉത്തരവ് പുറപ്പെടുവിച്ചു കൊള്ളുന്നു.

മുഴുവൻ സമയ ഡയറക്ടർമാരുടെ ആജ്ഞാനുസരണം

**ഒപ്പ്**
**ലേഖ. ജി**
**കമ്പനി സെക്രട്ടറി ഇൻ ചാർജ്ജ്**

സ്വീകർത്താവ്

1) ചീഫ് എഞ്ചിനീയർ (HRM).

പകർപ്പ് :-

എല്ലാ ചീഫ് എഞ്ചിനീയർമാർക്കും /എല്ലാ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്കും/
എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും/എല്ലാ റീജിയണൽ ഓഡിറ്റ് ഓഫീസർമാർക്കും/
എല്ലാ അക്കൗണ്ട് റെൻഡറിംഗ് യൂണിറ്റുകൾക്കും
ടി. എ ടു ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
പി. എ ടു ഡയറക്ടർ (ഫിനാൻസ്)
ടി. എ ടു ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ, ഐ.റ്റി & എച്ച്. ആർ.എം)
ടി. എ ടു ഡയറക്ടർ (ട്രാൻസ്മിഷൻ, എസ്.ഒ,)
ടി. എ ടു ഡയറക്ടർ (പ്ലാനിംഗ് & സേഫ്റ്റി)
ടി. എ ടു ഡയറക്ടർ {ജനറേഷൻ (ഇലക്ട്രിക്കൽ) & എസ്.സി.എം}
ടി. എ ടു ഡയറക്ടർ {ജനറേഷൻ (സിവിൽ)}
കമ്പനി സെക്രട്ടറി ഇൻ ചാർജ്ജ് /സി. എ ടു സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)
ഫിനാൻഷ്യൽ അഡ്വൈസർ / ചീഫ് ഇന്റേണൽ ഓഡിറ്റർ
ലീഗൽ അഡ്വൈസർ & ഡിസിപ്ലിനറി എൻക്വയറി ഓഫീസർ
ചീഫ് വിജിലൻസ് ഓഫീസർ / ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (ഐ.റ്റി)
ചീഫ് പബ്ലിക് റിലേഷൻ ഓഫീസർ /ഡെപ്യൂട്ടി സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)
ഫെയർ കോപ്പി സൂപ്രണ്ട് / റിക്കോർഡ് സെക്ഷൻ / ലൈബ്രറി/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻപ്രകാരം

2/7/2021